ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഗവണ്മെൻറിനു അങ്ങനെ ഒരു ആലോചനയുണ്ട്.

ശ്രീ. ആർ. സുഗതൻ: ഡിസ്പെൻസറി ആശുപത്രികളിലെല്ലാം ഒന്നു ഡാക്ടറന്മാരെ നിയമിക്കാൻ തയാറാകുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഇതുവരെയും കാളിഫൈഡ് ഹാൻഡ്സിനെ കിട്ടാതിരുന്നതുകൊണ്ട് ആണറി ഡാക്ടർമാരെ വച്ചിരിക്കുകയാണു്. കൂടുതൽ ആളുകളെ കിട്ടുന്നതനുസരിച്ച് എല്ലാ ആശുപത്രികളിലും നിയമിക്കണമെന്നു ഗവണ്മെൻറിനു് അഭിപ്രായമുണ്ട്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: ഒരാൾ ഒഴിച്ചു് ബാക്കിയുള്ളവർ ഉദ്യോഗത്തിലാണെന്നു പറയുന്നു. ആ ഒരാൾ അപ്പൈ ചെയ്തില്ലേ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: അതറിയാൻ പാടില്ല.

ശ്രീ. ഇ. പി. ഗോപാലൻ: ഓരോ ജില്ലാ ആശുപത്രിയിലും ഡെൻറൽ ഡാക്ടറന്മാരുടെ തസ്തികകളും ഉണ്ടോ ? ഉണ്ടെങ്കിൽ പി. എസ്.സി. സെലക്ടു ചെയ്യുന്ന ആളുകളെയാണോ വയ്ക്കുന്നതു്. ചില ആശുപത്രികളിൽ ആണറി ഡാക്ടറന്മാർ കൂടികെട്ടി പാർക്കുകയാണെന്നും, എന്തു പറഞ്ഞാലും അവർ അവിടെ നിന്നും ഒഴിയുകയില്ലെന്നും, അതുകൊണ്ടു് പാസ്സാകുന്ന ആളുകൾക്കു് ജോലികിട്ടാതെവരുന്നുവെന്നുമുള്ളതു് വാസ്തവമാണോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: അങ്ങനെ ഒരിടത്തും കൂടികെട്ടി പാർക്കുന്നൊന്നുമില്ല. ഓരോ ജില്ലാ ആശുപത്രിയിലും നാലുപ്പേസാണുള്ളതു്. ഒന്നു് സർജറിക്, ഒന്നു് മെഡിസിനു്, ഒന്നു് Maternity, ഒന്നു് ഏതെങ്കിലും ഒരു specialist ഇതുവരെയും ഫുൾടൈം ആയി നിയമിക്കാത്തതു് ആവശ്യമുള്ള കാളിഫൈഡ് ഹാൻഡ്സ് ഇല്ലാത്തതുകൊണ്ടാണു്. കൂടുതൽ കാളിഫൈഡ് ഹാൻഡ്സിനെ കിട്ടുമ്പോൾ എല്ലാ ആശുപത്രികളിലും നിയമിക്കണമെന്നാണു് ഉദ്ദേശിക്കുന്നതു്.

Varkala Water supply Scheme.

* 911. [52] **Shri Parayil Shamsuddin**: Will the Minister for Public Health be pleased to state:

(a) whether the work of Varkala Water Supply Scheme has been suspended;

(b) If so, why; and

(c) will the Government be pleased to take necessary steps to complete the work soon?

Minister for Public Health **(Shri M. P. Govindan Nair)**:

(a) No. As the land required for construction of over head tank and pump house has not been acquired there is delay in the work. Delay is also caused due to non availability of the required pipes and specials.

(b) Does not arise in the light of answer to (a).

(c) Steps are taken to complete and commisssion the scheme as expediously as possible.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാറയിൽ ഷംസുദ്ദീൻ: ഇപ്പോഴം അതിന്റെ പണി തുടർന്നു നടക്കാതിരിക്കുന്നതു് ഫണ്ടു്സിന്റെ കുറവുകൊണ്ടാണെന്നു കേൾക്കുന്നതു ശരിയാണോ? അതു ശരിയാണെങ്കിൽ ഇതിനുവേണ്ടി അലാട്ടുചെയ്തിരുന്ന ഫണ്ടിനു എന്തു പറ്റി?

ശ്രീ. എം. പി. ഗോവിന്ദൻനായർ: ഫണ്ടിനു് ഒന്നും പറ്റിയിട്ടില്ല. ഇതിനാവശ്യമായ സ്ഥലം അകപയർ ചെയ്തു കിട്ടിയില്ല. അതു കിട്ടിയാൽ ഉടനെ പണി തുടർന്നു നടത്താവുന്നതാണു്.

LEGISLATIVE BUSINESS

The Kerala Land Reforms Bill, 1963--(*contd.*)

ശ്രീ. ആർ. കൃഷ്ണൻ: 80 (1) ഏ എടുത്തുകളയണമെന്നുള്ളതാണു് എന്റെ ഭേദഗതി. കല്യാണം കഴിച്ചിട്ടില്ലാത്ത പ്രായപൂത്തിവന്ന ഒരാളെ ഒരു കുടുംബമായി കണക്കാക്കിയാൽ പരിധിയുടെ കാര്യത്തിൽ വളരെയധികം പാകപ്പിഴകം ഉണ്ടാകാൻ കാരണമാകും. വായിച്ചാൽ അതു ദോഷകരമായി തോന്നുന്നില്ലെങ്കിലും ഫലത്തിൽ അങ്ങനെയാണു വരാൻ പോകുന്നതു്. മുൻനിയമത്തിലാണെങ്കിൽ പ്രായപൂർത്തിവന്നിട്ടുള്ള ഇത്തരം ആളിനു് സീലിംഗിന്റെ പരിധിയാണു അനുവദിച്ചിരുന്നതു്. ഇപ്പോഴം അതു മുഴുവനുമാകുന്നു. ഇതിന്റെ പ്രത്യാഘാതം സ്റ്റാൻഡോർഡു് ഏക്കറായിട്ടുകൂടി കണക്കാക്കുമ്പോഴം വളരെയധികം വ്യത്യാസം മുൻനിയമത്തിലും ഈ ബില്ലിലുമായി വരാൻ ഇടയുണ്ടെന്നുള്ളതു് വ്യക്തമാണു്. മുൻനിയമമനുസരിച്ചു് അച്ഛൻ, അമ്മ, മൈനർ കുട്ടികളം എന്നിവരുടെ കൂട്ടത്തിൽ ഒരു പ്രായപൂത്തിവന്ന മകനും ഉണ്ടെന്നിരിക്കട്ടെ. അവർക്കു് കിട്ടാൻ പോകുന്നതു് പരിധിയിൽ പകുതി ഇരുപ്പുനിലവും ബാക്കി ഒരുപ്പുനിലവുമായാൽ മുപ്പത്തിമുന്നേമുക്കാൽ ഏക്കറാണു്. ഈ ബില്ലനുസരിച്ചു് അതു് അറുപത്തു ഏക്കറാകും. ഇതുമാത്രമല്ല ഇതിന്റെ ആപത്തു്. ഇതിനുമുൻപു നാം അംഗീകരിച്ചിട്ടുള്ള വകുപ്പുകളം അനുസരിച്ചു് കുടിയാന്റെ കയ്യിൽ മിച്ചംവരുന്നഭൂമി പരിധിവരെ ഒഴിപ്പിച്ചെടുക്കാൻ ഭൂവുടമസ്ഥന്മാർക്കു് അവകാശം കൊടുത്തിട്ടുണ്ടു്. മുൻനിയമത്തിലാണെങ്കിൽ എങ്ങനെയായാലും അഞ്ചേക്കറിൽ അധികം എടുക്കാൻ പാടില്ലായിരുന്നു. ഇപ്പോഴം പരിധിവരെ ഒഴിപ്പിച്ചെടുക്കാൻ ഉടമസ്ഥന്മാർക്കു് അവകാശമുണ്ടു്. വളരെയധികം കുടിയാന്മാരുള്ള ജന്മിമാർ നമ്മുടെ നാട്ടിലുണ്ടു്. തിരുവിതാംകൂറിൽഉണ്ടോഎന്നു്എനിക്കറിഞ്ഞുകൂടാ. ഏതായാലും മലബാറിലും കൊച്ചിയിലും ധാരാളം കാണും. അവരുടെ കുടുംബത്തിലുള്ള പ്രായപൂത്തിയായിട്ടുള്ള ഓരോരുത്തർക്കും പരിധിവരെ ഭൂമി ഒഴിപ്പിച്ചു കൈവശം വയ്ക്കാനുള്ള അവസരം കൊടുക്കുകയാണെങ്കിൽ, വലിയ ജന്മി തറവാടുകളിലെ പ്രായപൂത്തിവന്നവരുടെ എണ്ണം കണക്കാക്കി ഞാൻ പറഞ്ഞ തോതിലുള്ള ഏതാണ്ടു 60 ഏക്കർവരെ ഓരോരുത്തർക്കും ഒഴിപ്പിക്കാനുള്ള സൗകര്യം കൊടുക്കുകയാണെങ്കിൽ പിന്നെ മിച്ചഭൂമി എവിടുന്നുണ്ടാകാനാണു്. മിച്ചഭൂമിയുടെ കാര്യത്തിൽ മാത്രമല്ല' കുഴപ്പംവരുന്നതു്. കുടിയാന്മാർ പരിധിവരെ കൈവശംവച്ചു ബാക്കി ഭൂമി ജന്മിക്കു് പരിധിവരെ എടുക്കാൻ അവസരം കൊടുക്കുമ്പോഴം കുടിയാനു കിട്ടുന്ന പ്രതിഫലവും വളരെ കുറവാണു്.

മുൻനിയമം അനുസരിച്ചു്കുടിയാൻ മിച്ചഭൂമി സറണ്ടർചെയ്യുന്ന സമയത്തു് കുടിയാൻ എന്നുള്ള അവകാശത്തിന്റെ വില കിട്ടുമായിരുന്നു. ഇന്നത്തെ നിയമപ്രകാരം അതു കുടിയാനു നഷ്ടപ്പെട്ടിരിക്കുകയാണു്. പ്രതിഫലം കുടിയാനു കുടിയായ്മാവകാശത്തിന്റെ തോതനുസരിച്ചു് കിട്ടാത്ത തരത്തിലാണു് ഇപ്പോഴത്തെ നിയമം. ഇതൊക്കെ ദൂരവ്യാപകമായ ഫലം ഉണ്ടാക്കുന്നതാണു്. പരിധി നിശ്ചയിച്ചു് മിച്ചഭൂമി വിതരണം ചെയ്യണമെന്നു

LIBRARY ARCHIVES Kerala Legislative Assembly